## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2476** **21-01-2021 - ൽ മറുപടിയ്ക്ക്**

## കൊല്ലം ഹോക്കി സ്റ്റേഡിയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . മുകേഷ് | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ച ന്യൂ ഹോക്കി സ്റ്റേഡിയത്തിൽ 319.04 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. വിവിധ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 1) ഹോക്കി സ്റ്റേഡിയത്തിൽ 36 ലക്ഷം രൂപയുടെ 6 പ്രീ ഫാബ് ഹൗസിംഗ് യൂണിറ്റ് സ്ഥാപിച്ചു. 2) ഹോക്കി സ്റ്റേഡിയത്തിലെ ചുറ്റുമതിലിന്റെ പുനർനിർമ്മാണം, നവീകരണം മറ്റു അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ 29 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. 3) ഹോക്കി സ്റ്റേഡിയത്തിൽ ബോട്ടുകൾ സൂക്ഷിക്കുന്നതിനായി ഒരു ബോട്ട് ഹൗസ് നിർമ്മിക്കുന്നതിനു വേണ്ടി 21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 4) സ്റ്റേഡിയത്തിന്റെ ഗ്യാലറി കെട്ടിടത്തിന്റെ മുകളിൽ അധികനില പണിയുന്നതിനും മറ്റ് പുനരുദ്ധാരണ (സിവിൽ & ഇലക്ട്രിക്കൽ) പ്രവൃത്തികൾക്കായും, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായും 175ലക്ഷം രൂപ ചെലവഴിച്ചു. 5) കൊല്ലം ഹോക്കി സ്റ്റേഡിയത്തിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിന് 57.35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 6) ഹോക്കി സ്റ്റേഡിയത്തിൽ ഹോക്കി ഗോൾ പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി 69,000/-രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 7) ന്യൂ ഹോക്കി സ്റ്റേഡിയം ബിൽഡിംഗിൽ മൂന്നാമത്തെ നിലയിൽ 1000 പേർക്ക് ഇരിക്കാവുന്ന ഒരു ഹാളും 5 റൂമുകളും നിർമ്മിച്ചു. |

സെക്ഷൻ ഓഫീസർ